## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2054 — 07.12.2015-ൽ മറുപടിക്ക്.

### ചെറുപുഴ പോലീസ് സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ ചെറുപുഴയിൽ പുതുതായി അനുവദിച്ച പോലീസ് സ്റ്റേഷന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്നും ഏതെല്ലാം പ്രദേശങ്ങളാണ് സ്റ്റേഷന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?;<br><br>(ബി) ഇതുമായി ബന്ധപ്പെട്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എ) & (ബി) സർക്കാർ ഉത്തരവ് (കൈ) നമ്പർ 212/2015/ആഭ്യന്തരം തീയതി 29.09.2015 പ്രകാരം, ചെറുപുഴയിൽ പുതിയ പോലീസ് സ്റ്റേഷൻ തുടങ്ങുവാൻ സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. തളിപ്പറമ്പാ താലൂക്കിലെ വയക്കര വില്ലേജിനു കീഴിൽ വരുന്ന കോലുവള്ളി, വ്യാളായി, തട്ടുമ്മൽ, മച്ചിയിൽ, കക്കയംചാൽ, മണ്ണാക്കാട്, ചെറുപുഴ, കുണ്ടറക്കാണം, കുണ്ടംതാടം എന്നീ പ്രദേശങ്ങളും തിരുമേനി വില്ലേജിലെ താബോർ, ചട്ടിവയൽ, തിരുമേനി, മുതുവം, കൊക്കടവ്, പ്രാപ്പോയിൽ, കോരാളി, പോക്കിരിമുക്ക്, മുരുത്തുംപോടി, കുണ്ടേരി, പേരുവട്ടം, ഇയ്യാംകല്ല്, മുളപ്പാറ, പരുത്തിക്കല്ല്, പാറോത്തുംനീർ എന്നീ പ്രദേശങ്ങളും, പുളിംഗോം വില്ലേജിലെ രാജഗിരി, കാനംവയൽ, ജോസ്ഗിരി, ഇടവരമ്പ്, കോഴിച്ചൽ, മീൻതുള്ളി, പൊൻപുഴ, കാരിയക്കര, ചുണ്ട, മരുത്തുംതട്ട്, ഉമയംചൽ, പുളിംഗോം, വാഴക്കണ്ടം, കോട്ടത്തലാച്ചിമല, സൂര്യഗിരി, ചൂരപടവ്, കൂമ്പാങ്കുന്ന്, ചേനാട്ട് കൊല്ലി എന്നീ പ്രദേശങ്ങളുമാണ് ഈ പോലീസ് സ്റ്റേഷന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. ടി പോലീസ് സ്റ്റേഷൻ പ്രവർത്തനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതായുണ്ട്. ഇതിനായുള്ള കരട് വിജ്ഞാപനം വകുപ്പ് തലത്തിൽ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ